**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3502** **02-03-2023 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ ഏതെല്ലാം കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളായി അപ്ഗ്രേഡ് ചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദവിവരം നൽകുമോ; | (എ) | പാറശ്ശാല നിയോജകമണ്ഡലത്തിൽ നിന്നും കുന്നത്തുകാൽ കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി ശുപാർശ ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് സ്മാർട്ട് കൃഷിഭവൻ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ആര്യൻകോട് കേന്ദ്രമാക്കി അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹു. പാറശ്ശാല എം.എൽ.എ ശ്രീ. സി.കെ. ഹരീന്ദ്രൻ ബഹു. കൃഷി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ